കഥ

# മൂരി

ജോൺ ഇളമത

ഇത് പണ്ട് നടന്ന കഥയാണ്,ഏതാണ്ട് അറുപതുകളിലെ കഥ.സുന്ദരമായ ഒരു ഗ്രാമം. പമ്പാനദി ഒഴുകുന്നു.കണ്ണീർ പോലെ തെളിനീര്,അവയുടെ കുഞ്ഞോളങ്ങളിൽ പ്രഭാതകിരണങ്ങൾ വെള്ളിനാഗങ്ങളെപോലെ ഇഴയുന്നു.പൂവൻകോഴികൾ ഗ്രാമത്ത കൂകി ഉണർത്തിയിരിക്കുന്നു.മുറ്റ ത്തരികിലെ പൂവരശിൽ പ്രഭാത കിരണങ്ങൾ ചിത്രങ്ങൾ വരക്കുന്നു.മുറ്റമടിച്ച് ഗൃഹനായികൾ കോഴിക്കൂടുകൾ തുറന്നുവിടന്നു.പൊരുന്ന കോഴികൾ ഒഴികെ അബാലവൃദ്ധം കോഴികൾ പുറത്തിറങ്ങി മരച്ചുവടുകൾ ചിക്ക ിചികഞ്ഞ് കൊത്തിപെറുക്കുന്നു.വൈലോപ്പള്ളി പാടിയതുപേലെ പുളിമരക്കൊമ്പുകളിലിരുന്ന്,കാക്കകൾ താരനദം ആലപിച്ചു കൊണ്ടിരിക്കുന്നു.

അപ്പോഴാണ് പാപ്പൻെറ വരവ്.മുമ്പിൽ ഒട്ടകത്തിൻെറ മാതിരി വലിയ ഉപ്പൂണിയുള്ള മൂരി! നാടനല്ല ,സിന്ധി!സിന്ധുനദീതടതീരത്തു നിന്നാണ് അവൻെറ അമ്മ ചനയോടെ കേരളത്തിലേക്ക് കുടിയേറിയത്.അവളുപെറ്റ മൂരിക്ക ിടാവിനെ പാപ്പൻ,ഓച്ചിറചന്തേൽ നിന്നാണ് വാങ്ങിവളർത്തിയത്.കിടവ് വളർന്ന് തടക്കാളയായിരിക്കുന്നു.ഗ്രാമത്തിലെ സകല നാടൻ,വെച്ചൂർ,പാണ്ടിപശുക്കളും,അവൻെറ ഭാര്യാപദം അലങ്കരിച്ച് ഒരു ബീജസങ്കലനത്തിലൂടെ നാടിൻെറ മുഖഛായ മാറ്റും എന്നാണ് പാപ്പൻെറ പ്രഖ്യാപനം!

തിരുനെറ്റിക്ക് കറുത്ത ചുട്ടിയുള്ള വെള്ളകാള,അതോക്രീംകളറോ! എന്നുതോ ന്നാം.വൃത്തകാരമായി വളഞ്ഞകൊമ്പുകളെന്നു തോന്നാമെങ്കിലും അവയുടെ കൂർത്തഅറ്റങ്ങൾ മുമ്പിലേക്ക് ചൂണ്ടിനിൽക്കുന്നു.കണ്ടാൽ അവന് ഒരുഗ്രൻകാട്ടുപോത്തിൻെറ മുഖഛായ തോന്നുമെങ്കി ലും ശാന്തം ,പാവം!കൊച്ചുപിള്ളേർക്കു പോലും തൊടാം,തീറ്റകൊടുക്കാം.എന്നാലോ ജോലിയുടെ കാര്യത്തിൽ തികഞ്ഞ ശുഷ്ക്ക ാന്തിയുള്ളവനും.ശാന്തനെങ്കിലും നല്ല കരുത്തുകാരണം ഒരുമൂക്കുകയർ ഉണ്ട്,എന്നാലെ ഒറ്റപിടിത്തത്തിന് അവനെ നിയന്ത്രിക്ക ാനകൂ.കഴുത്തിൽ ചെറുമണിൾ കിലുക്കി ഒരുയാഗാശ്വത്തെ പോലെ അവൻ താളം ചവുട്ടിവരുമ്പോൾ ഗ്രാമം കുളിരുകോരും.അപ്പോൾ ഗ്രാമത്തിലെ പട്ടികളും,പൂച്ചകളും,കോഴികളും,ബൗ ബൗ വെച്ചും,മ്യാവു പറഞ്ഞും,കൊക്കരകോ പാടിയും അവനെ സ്വീകരിക്കും.'കൗകുമാരികൾ', എന്നുപറഞ്ഞാൽ കൗമാരം കഴിഞ്ഞ പശുകുട്ടിൾ എന്നർത്ഥം,അവർ അവനെ നാണത്തിൽ കടക്കണ്ണിട്ടു നോക്കും.യുവതികളോ,മദ്ധ്യവയസ്കകളോ, ബഹളി പിടിച്ചമറും, ഭീതികൊണ്ടോ,അതോ പ്രേമപാരവശ്യം കൊണ്ടോ!

ഇങ്ങനെയുള്ള കാളയും,പാപ്പനും കിഴക്കു നിന്നുവന്നപ്പോൾ,സംഗതി വശാൽ ഞങ്ങളുടെ പശുവൊന്നമറി.കാര്യസ്തൻ കുര്യാക്കോചേട്ടനാണ് ഞങ്ങളുടെ വീട്ടുകാര്യങ്ങൾ നോക്കുന്നത്.കുര്യക്കോച്ചട്ടൻ ഒന്നമർത്തി മൂളി എന്നിട്ടോതി:

പെണ്ണമ്മേ ചവിട്ടിക്കാറായി.ടീനേജിലോട്ട് പ്രവേശിച്ചോണ്ടിരുന്ന എനിക്ക് സംഗതി പിടുത്തം കിട്ടി.പെണ്ണമ്മ,അതാണ് ഞങ്ങടെ പശൂൻെറ ഓമനപേര്!പെണ്ണമ്മക്കു തന്നെ ഒരു ചരിത്രമുണ്ട്.ഗോപാലൻ പണ്ടുകൊണ്ടു നടന്ന കറാച്ചികാളക്ക്,ചെറിയ വെച്ചൂർ പശുവിലുണ്ടാ യ മഹിളാരത്നമാണ് പെണ്ണമ്മ.പെണ്ണമ്മ വളർന്നു,കറാച്ചി പോലെ,പക്ഷേ പെറ്റിട്ട് പാലില്ല,നാലുവട്ടം കറന്നാ,കഷ്ടി നാഴിപ്പാല ്!ഒരു തുറു മുഴവൻതിന്നും,ഒരു കൊട്ട ചാണകമിടും.പക്ഷേ പശൂവിനെ വളർത്തുന്നത് ചാണകത്തിനല്ലല്ലോ,പാലിനല്ലേ!

അപ്പോൾ കുര്യാക്കോച്ചേട്ടൻെറ ആത്മഗതം വീണ്ടു കേട്ടു:

പാപ്പൻെറ കാളേകൊണ്ടൊന്നു നോക്കാം,അവൻ വേറേ വിത്താ ന്നല്ലേ പാപ്പൻെറ വാഗ്വാദം.

ഓയ്,പാപ്പാ ഇങ്ങോട്ടൊന്നു വാ!

പാപ്പൻ തലേക്കട്ടഴിച്ച്,കുര്യാക്കോച്ചേട്ടനെ ഭവ്യതേ കുനിഞ്ഞൊന്നു വണങ്ങി:

എന്ത,അച്ചാ,കാര്യം!

കാര്യം കാണാൻ കഴുതക്കാലും പിടിക്കുന്നോനാപാപ്പൻ.അതാ അത്ര ഭവ്യത.എന്നാൽ ജോലി ഒക്കെ കഴിഞ്ഞ് തളർന്ന കാളേംകൊണ്ട് പാപ്പൻ വരുന്ന വരവൊന്നു കാണേണ്ടതാ!,അടിച്ച് പിപ്പിരിയായി.എന്നു പറഞ്ഞാ അങ്ങു പടിഞ്ഞാറ് കാവേരി ഷാപ്പിലെ അന്തിക്കള്ളുമോന്തി ഭള്ളുപറഞ്ഞു വരുന്ന കാഴ്ച!അപ്പോ നാക്കേ 'പായും,പൂയുമൊക്കേ വരൂ!ഇടക്കിടെ ഈണത്തി സിനിമാപാട്ടുപാടും,മിക്കപ്പോഴും 'എംഎസ്സ് ബാബുരാജി'ൻെറ പാട്ടാ ഇഷ്ടനിഷ്ടം!

'പ്രാണസഖി,ഞാൻ വെറുമൊരു
പാമരനാം പാട്ടുകാരൻ
പ്രാണലോകവീചികളിൽ
തേൻ............'

ഈ പാട്ട് യൗവനയുക്തകളായ ഗ്രാമത്തിലെ എല്ലാ യുവതികളുടെയും,മദ്ധ്യവയസ്ക്കകളുടെയും,ശ്രദ്ധ ക്ഷണിക്ക ാൻ വേണ്ടി പാടുന്നതാണ്.അപ്പോഴൊക്കെ അവർ ജനലിലൂടെ തലയിട്ടു പാപ്പനെ നോക്കി പറയും:

താണ്ടെ,നോക്കിക്കെ പാപ്പൻ ഫിറ്റായി,ഇനി സരസ്വതി കേക്കാം,എന്നു പറഞ്ഞാ കല്ലുവെച്ച തെറി!,അതാ പാപ്പൻ.

പാപ്പനും,കാളയും കുര്യാക്കോച്ചേട്ടൻെറ മുമ്പിലെത്തി നിന്നു.

ചേട്ടൻ ചോദിച്ചു:

എടാപാപ്പാ നിൻെറ കാള ചവുട്ടിയാ ചന ഏക്കുവോ!

കൊള്ളാം ഏക്കുവോന്ന്.ഇതുവരെ ഒരബോർഷൻ പോലുമുണ്ടായിട്ടില്ല.ഈ ഇംഗ്ലീഷ്വാക്ക് പാപ്പൻ മന:പാഠമാക്കി വെച്ചിരിക്കയാണ്. തടത്തിലെ കോരുതു വക്കീലിൽ നിന്ന് കേട്ട് അർത്ഥം മനസ്സിലാക്കി പാപ്പൻ സന്ദർഭോജിതമായി കുര്യാക്കോച്ചേട്ടനേപോലുള്ള നിരക്ഷരകുക്ഷികുടെമേൽ പ്രയോഗിക്കും.അവൻ പറഞ്ഞതു മനസ്സിലായില്ലങ്കിലും,മനസ്സിലായ മട്ടുവരുത്തി ചേട്ടൻ കല്പ്പിച്ചു:

എന്നാ നീ കടമ്പ കെട്ടിക്കോ!കുഴികുത്തുന്ന കമ്പിപരോം,കുറേ മുളംകുറ്റികളും പാപ്പൻെറ മുമ്പിലേക്കിട്ടു കൊടുത്തു.പാപ്പൻ നിമിഷനേരം കൊണ്ട് ഒന്നാന്തരം'കടമ്പ' കെട്ടി. 'കടമ്പ' എന്തന്നല്ലേ!,പശുവിന് ഇടംവലം തിരിയാൻ കഴിയാത്ത ത്രീകോണാകൃതിയിലുള്ള വേലി! അതിൽ പാപ്പൻ ഞങ്ങടെ വലിയ കറാച്ചി പശുവിനെ തള്ളികയറ്റി കുറുക്കി കെട്ടി,സിന്ധി മൂരിയെ പ്രോത്സാഹിപ്പിച്ചു.ഒറ്റി നിമിഷം കൊണ്ട് കാര്യം നടന്നു,പശു ഗ്രാമത്തെ ഞെട്ടിച്ച് ഒരമർച്ചേം!

ആയിടെ ഒരു വാർത്ത കേട്ടു ഗ്രാമം ഞെട്ടി.പാപ്പൻ തിരുവന്തോരത്ത് സെൻറട്രൽ ജയിലിലെന്ന്!,ഒരു വധക്കേസ്സിനെ തുടർന്ന്.തൂക്കാൻ വിധിച്ചു,പിന്നതു വെട്ടിക്കുറച്ചു ജീവപര്യന്തമാക്കി,ദൃക്സാക്ഷി ഇല്ലാതിരുന്നതുകൊണ്ട്!എന്താകാര്യം എന്നല്ലേ?അതും ഞാൻ ഒളിഞ്ഞു നിന്നു കേട്ടു.കുര്യാക്കോച്ചേട്ടൻ അപ്പനോടു പറഞ്ഞപ്പം:

അതിപ്രകാരം:

ഞങ്ങടെ ഗ്രാമം വികസിച്ചു.ഗ്രാമത്തിൻെറ മുഖഛായ മാറി.അപ്പോൾ അവിടെ 'എന്നിയസ്സ് ബ്ലോക്കു'ണ്ടായി. 'ഗ്രാമവികസന ബ്ലോക്ക്'!ബ്ലോക്കിൽ മൃഗഡോക്ടർ ചാർജെടുത്തു,'കൃതൃമബീജസങ്കലനം'പശുക്കൾക്ക്! എന്ന പ്രഖ്യാപനവുമായി.പാപ്പൻ കാളേം കൊണ്ട് നടന്ന് ബീജസങ്കലനം ചെയ്തപ്പം,പുതുതായി ചാർജ്ജെടുത്ത മൃഗഡോക്ടർ ,ജർമ്മിനിയിൽ നിന്നിറക്കുമതി ചെയ്ത മൂരിയെ ബ്ലോക്കിൽ നിർത്തിയിട്ട് അതിൻെറ ബീജവുമായി സൈക്കളിൽ യാത്ര ചെയ്ത് ഗ്രാമത്താകെ സങ്കലനം നടത്താൻ ആരംഭിച്ചു.ഒരുകാര്യം പറയട്ടെ,സൈക്കളും,കാളവണ്ടിയും മാത്രം പേകുന്ന കുടുക്കു വഴിയേ അന്ന് ഗ്രാമത്തിലുണ്ടായിരുന്നുള്ളൂ.

പാപ്പൻെറ കഞ്ഞികുടി മൃഗഡോക്ടർ മുട്ടിച്ചു.എന്തിന് സൈക്കിളി സഞ്ചരിച്ചിരുന്ന മൃഗഡോക്ടർ ഒരു സായംസന്ധ്യക്ക്,ഒഴിഞ്ഞ സ്ഥലത്ത് ഒരു കലുങ്കിൽ ചത്തു മലച്ചു കിടക്കുന്നു,അദ്ദേഹത്തിൻെറ സൈക്കിളും,കൃതൃമബീജം സൂക്ഷിക്കുന്ന ഐസ്സ്പെട്ടിയും,അതിനടുത്തായി ചിതറി കിടക്കുന്നു.സംഭവം ആദ്യം കണ്ടത് സെക്കൻറ്ഷോക്ക് നടന്നു പോയ ദാമോദരനാണ്.ദാമാദരൻ ഗ്രാമത്തെ അറിയിച്ചു.അവരെല്ലാം ഞെട്ടി.സംഭവത്തിനല്പ്പം മുമ്പ് കലുങ്കു കടന്നു വന്ന പാപ്പനേയും,മൂരിയേയും കണ്ടവരുണ്ട്.എന്നാൽ പാപ്പൻ കള്ളടിച്ച് ഫിറ്റായി പൂരപാട്ടും പാടി വരികയായിരുതു കൊണ്ട് കണ്ടവരെല്ലാം പാപ്പനെ കാണാതെ ഉണ്ടഇട്ടു നടന്നു.

പിറ്റേന്ന് ഹേഡ്മൂത്ത റൂൾതടി ഉരുട്ടിൽ കേമനായ ലംബോധരൻപിള്ള പാപ്പനെ കസ്റ്റടിയിലെടുത്തു.റൂൾതടി ഉരുട്ടി സത്യം പറയിച്ചു.പക്ഷേ,കേടതീം വിസ്തിരിച്ചപ്പം പാപ്പൻ പറഞ്ഞത് മറ്റൊന്നാണ്.ആഹേഡ്മോൻ റൂളിതടി ഉരുട്ടി കുറ്റം എൻെറ മേൽ കേറ്റിയതാണ്. സംഗതി ഞാൻ കണ്ടതാണ്,ഞാനാണ്ദൃക്സാക്ഷി.സൈക്കളേൽ എതിരെ വന്ന മൃഗഡോക്ട്ടറെ എൻെറ മൂരിയാണ് കുത്തികൊന്നത്.അവൻ ശാന്തനാണേലും പരബീജം മണത്തതാ അതിനു കാരണം.കുത്തും കഴിഞ്ഞു,ഡോക്ടറു ചെത്തും പോയി,അതിന് ഞാനെന്നാ ചെയ്യാനാ.വാദിഭാഗം വക്കീലു തെളിയിച്ചു.അതു പാപ്പൻെറ കയ്യിലെ കഠാരകുത്തെന്ന്!

കാലം തികഞ്ഞപ്പോൾ ഞങ്ങടെ പശുപെറ്റു,പാപ്പൻെറ കാളേടെ ഓനപുത്രൻ,അതേ പാൽ നിറം,തിരുനെറ്റിക്കു കറുത്ത ചുട്ടി,പൊങ്ങിനിൽക്കുന്ന കൊച്ച് ഉപ്പൂണി!അപ്പോഴേക്കും മറ്റൊരു മൃഗഡോക്ടർ ചാർജ്ജെടുത്തിരുന്നു.ഗ്രാമം കുറേകൂടി വികസിച്ചു,അദ്ദേഹത്തിൻെറ യാത്ര സ്ക്കൂട്ടറിലായിരുന്നു,എന്നാൽ പാപ്പൻെറ മൂരിയെപ്പറ്റി പിന്നീടൊന്നും കേട്ടില്ല!